"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2019 - വീടിനുണ്ടായ നാശനഷ്ടത്തിനുള്ള ധനസഹായം ശ്രീമതി.സൂസമ്മ ഡൊമിനിക്കിന് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.654/2024/DMD തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.36/2019/ഡി.എം.ഡി. തീയതി 19.11.2019
2. മലപ്പുറം ജില്ലാകളക്ടറുടെ 25/07/2024 ലെ DCMPM/8241/2024-DM1 നമ്പർ കത്ത്

**ഉത്തരവ്**

2019- ലെ പ്രളയാനന്തരം വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്കുള്ള ധനസഹായ വിതരണം ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) വിഹിതം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) TPA-701010200000080 അക്കൗണ്ടിൽ വകയിരുത്തുന്നതിനും SDRF& CMDRF വിഹിതം ഉൾപ്പെടെയുള്ള ധനസഹായം ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) വഴി ധനകാര്യ (ഫണ്ട്സ്) സെക്ഷന് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുവാനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2019 ലെ പ്രളയത്തിലെ വീടിന്റെ നാശനഷ്ടത്തിനുള്ള ധനസഹായം ലഭിച്ചില്ലായെന്ന് കാണിച്ച് ശ്രീമതി.സൂസമ്മ ഡൊമിനിക്ക് സമർപ്പിച്ച പരാതി പരിശോധിച്ചതിൽ റിലീഫ് പോർട്ടൽ മുഖേന പ്രളയ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റായിട്ടുള്ളതായി കാണുന്നില്ലായെന്നും മേൽ സാഹചര്യത്തിൽ കക്ഷിക്ക് അർഹതപ്പെട്ട ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മലപ്പുറം ജില്ലാകളക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സൂസമ്മ ഡൊമിനിക് എന്നവരുടെ വീടിന് 2019 ലെ പ്രളയത്തിൽ 35% നാശനഷ്ടം ഉണ്ടായതിനുള്ള നഷ്ടപരിഹാര തുകയായ 1,25,000/- രൂപ (SDRF വിഹിതം-51,000/-, CMDRF വിഹിതം-74,000/-) അനുവദിച്ച് ഉത്തരവാകുന്നു. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ വിഹിതമായ 51,000/- രൂപ 2245-02-113–99 F -Repair to house എന്ന ശീർഷകത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) TPA-701010200000080 അക്കൗണ്ടിൽ വകയിരുത്തി നല്കേണ്ട നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതും SDRF& CMDRF വിഹിതം ചേർത്ത് ധനകാര്യ (ഫണ്ട്സ്) സെക്ഷൻ നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 40158100108006, IFSC- KLGB0040158) ഡയറക്ട്

ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) വഴി വിതരണം ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഭിലാഷ് എസ്

അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ,മലപ്പുറം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

ധനകാര്യ(ഫണ്ട്സ്)വകുപ്പ്

ഫിനാൻസ് ഓഫീസർ,ദുരന്ത നിവാരണ വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sivaprasad V N

സെക്ഷൻ ഓഫീസർ

Date: 06-09-2024 15:42:15